(ഡി) നെൽക്കർഷകരിൽ നിന്നും പ്രതിവർഷം ശരാശരി എത്ര ടൺ നെല്ല് സംഭരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) സംസ്ഥാനത്ത് കൂടുതൽ ആധുനിക റൈസ് മില്ലുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നെൽകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി

153(2408) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് നടപ്പാക്കിവരുന്നത് ;

(ബി) കഴിഞ്ഞ വർഷം നെൽകൃഷി നടത്തിയിരുന്നതിനേക്കാൾ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി വ്യാപിപ്പിക്കാനാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഓരോ ബ്ലോക്കിലും ഏറ്റവും കുറഞ്ഞത് എത്ര സ്ഥലത്ത് കൂടുതലായി നെൽക്കൃഷി വ്യാപിപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ; എങ്കിൽ എത്ര സ്ഥലത്താണ് ഇത്തരത്തിൽ അധികമായി കൃഷി നടത്തേണ്ടത് ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ?

ഉത്തരം

(എ) നെൽകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.*

(ബി) 26750 ഹെക്ടറിൽ അധികമായി നെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കരനെൽകൃഷി പദ്ധതിക്ക് 600 ലക്ഷം രൂപയും തരിശു നില കൃഷി പദ്ധതിക്ക് 1475 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരനെൽ കൃഷി പദ്ധതിയിൽ ഓരോ ബ്ലോക്കിലും കുറഞ്ഞത് ഒരു ഹെക്ടറെങ്കിലും അധികമായി കരനെൽ കൃഷി കൊണ്ടുവരണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. തരിശുനില പദ്ധതിയിൽ ജില്ലകൾക്ക് ഭൗതിക ലക്ഷ്യം അനുവദിക്കാനും തരിശ് നിലങ്ങളുടെ വിസ്തൃതി അനുസരിച്ച് ബ്ലോക്കു തലത്തിൽ ഭൗതികലക്ഷ്യം അനുവദിക്കുന്നതിനുമാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഈ രണ്ടു പദ്ധതികളിലൂടെയും അധികമായി കൃഷി ചെയ്യേണ്ട സ്ഥലത്തിന്റെ വിസ്തൃതി അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(ഇ) ഈ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി എല്ലാ മാസവും ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം നടത്തിവരുന്നു. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ പാഡി സെല്ലുകളിലും സംസ്ഥാന പാഡി സെല്ലിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

നെൽകൃഷി ആദായകരമായി നടത്തുന്നതിന് ആനുകൂല്യങ്ങൾ

154(2407) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ആദായകരമായി നടത്തുന്നതിന് നെൽക്കർഷകർക്ക് ഇപ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് പാഡി മിഷൻ നൽകിയ ഏതൊക്കെ ശിപാർശകളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ മേന്മയുള്ള വിത്ത്, ശാസ്ത്രീയ കൃഷിരീതികൾ എന്നിവ നെൽക്കർഷകർക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് അടിയന്തിര പരിഗണനയിലുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

നെൽക്കർഷകർക്ക് പലിശരഹിത വായ്പ

154(2408) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വികസിപ്പിക്കുന്നതിനായി നെൽക്കർഷകർക്ക് പലിശരഹിത വായ്പ നല്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly